**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016 ൽ എറണാകുളം പെരുമ്പാവൂരിൽ ജിഷ എന്ന പെൺകുട്ടി ഇതര സംസ്ഥാന തൊഴിലാളിയാൽ കൊല്ലപ്പെട്ട സാഹചര്യത്തിൽ, ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; വിശദമാക്കാമോ; | (എ) | 2016 ജൂൺ മാസത്തിലെ ഗവർണേഴ്സ് സ്പീച്ചിൽ സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയുടെ പ്രധാന ഭാഗമായിരിക്കുന്ന അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ ആരംഭിക്കുമെന്നും അവർക്ക് വേണ്ടി 'ആവാസ്' (AAWAZ) എന്ന ഒരു പുതിയ പദ്ധതി, ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതായും കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുമെന്നും പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരവും, ജിഷ കൊലപാതകത്തിന്റെ സാഹചര്യത്തിലും ഇതരസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷനും ആരോഗ്യ ഇൻഷ്വറൻസും ഏർപ്പെടുത്തുന്നതിനായി തൊഴിൽ വകുപ്പിന് കീഴിൽ 2017 മുതൽ ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2022 ആഗസ്റ്റ് 31 വരെ 5,16,320 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, തൊഴിൽമാനദണ്ഡങ്ങൾ, തിരിച്ചറിയൽ രേഖകൾ എന്നിവ സംബന്ധിച്ച് നിലവിൽ എന്തൊക്കെ വിവരങ്ങളാണ് കൈവശമുള്ളത് ; ഇവ സൂക്ഷിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ ഇൻഷ്വറൻസും ലക്ഷ്യം വച്ചുകൊണ്ട് തൊഴിൽ വകുപ്പിന് കീഴിൽ 2017 മുതൽ ആവാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022 ആഗസ്റ്റ് 31 വരെ 5,16,320 അതിഥി തൊഴിലാളികൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആധാർ, പാൻകാർഡ്, വോട്ടേഴ്സ് ഐ.ഡി, ബാങ്ക് പാസ്സ് ബുക്ക് തുടങ്ങിയ എതെങ്കിലും തിരിച്ചറിയൽ രേഖകൾ, അതിഥിതൊഴിലാളികളിൽ നിന്നും സ്വീകരിക്കുന്ന വ്യക്തിഗത വിവരങ്ങൾ, അവരുടെ ബയോമെട്രിക് വിവരങ്ങൾ എന്നിവ ആവാസ് പദ്ധതിയിൻ കീഴിൽ ശേഖരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേ തന്നെ ടി തൊഴിലാളികളുടെ വ്യക്തിപരവും തൊഴിൽപരവുമായ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും പോർട്ടലിലൂടെ സാധിക്കുന്നു. ടി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷൻ ആക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. 07/08/2023 മുതൽ സംസ്ഥാന വ്യാപകമായി അതിഥി പോർട്ടൽ രജിസ്ട്രേഷൻ നടന്നു വരുന്നു. 23/08/2023 വരെ 61,349 തൊഴിലാളികളെ അതിഥി പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ വിവരങ്ങൾ State Data Centre-ൽ സൂക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്ത് ആകെ എത്ര ഇതര സംസ്ഥാന തൊഴിലാളികളാണ് നിലവിലുള്ളത്; ഇവർ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | ആവാസ് പദ്ധതി പ്രകാരം 5,16,320 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 1,64,761 അതിഥി തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 1** ആയും സംസ്ഥാനം തിരുച്ചുളള കണക്ക് **അനുബന്ധം- 2** ആയും ചേർക്കുന്നു. |
| (ഡി) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി പുതിയ നിയമനിർമ്മാണവും പുതിയ ആപ്പും പുറത്തിറക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെയായിരിക്കും പ്രസ്തുത നിയമത്തിലും ആപ്പിലും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങളെന്ന് വിശദമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തേയ്ക്ക് ജോലിതേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും, ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് പ്രാവർത്തികമാക്കിയിട്ടുള്ള അതിഥി പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ ആക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ക്രമ നമ്പർ | ജില്ല | ആവാസ് പദ്ധതി പ്രകാരം | കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം |
|---|---|---|---|
| 1 | തിരുവനന്തപുരം | 63,788 | 7,349 |
| 2 | കൊല്ലം | 24,946 | 6,188 |
| 3 | പത്തനംതിട്ട | 24,119 | 7,914 |
| 4 | ആലപ്പുഴ | 36,927 | 9,757 |
| 5 | കോട്ടയം | 34,251 | 9,026 |
| 6 | ഇടുക്കി | 19,587 | 10,192 |
| 7 | എറണാകുളം | 1,15,053 | 30,644 |
| 8 | തൃശ്ശൂർ | 41,900 | 10,229 |
| 9 | പാലക്കാട് | 24,694 | 6,661 |
| 10 | മലപ്പുറം | 29,856 | 12,859 |
| 11 | കോഴിക്കോട് | 44,628 | 12,746 |
| 12 | വയനാട് | 11,839 | 13,232 |
| 13 | കണ്ണൂർ | 28,874 | 17,517 |
| 14 | കാസറഗോഡ് | 15,858 | 10,447 |
|  | **ആകെ** | **5,16,320** | **1,64,761** |

സെക്ഷൻ ഓഫീസർ

## ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക്

| ക്രമ നം | സംസ്ഥാനം | ആവാസ് പദ്ധതി പ്രകാരം | കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം |
|---|---|---|---|
| 1. | ആൻഡമാൻ & നിക്കോബാർ ഐലന്റ്സ് | 43 | 5 |
| 2. | ആന്ധ്രാപ്രദേശ് | 2,168 | 810 |
| 3. | അരുണാചൽ പ്രദേശ് | 649 | 237 |
| 4. | അസാം | 87,087 | 29,809 |
| 5. | ബീഹാർ | 51,325 | 17,475 |
| 6. | ചണ്ഡീഗഡ് | 102 | 781 |
| 7. | ചത്തീസ്ഗഡ് | 2,318 | 226 |
| 8. | ഡാമൻ ഡ്യൂ & ദാദ്രാ നാഗർ ഹവേലി | 17 | 6 |
| 9. | ഡൽഹി | 543 | 197 |
| 10. | ഗോവ | 31 | 4 |
| 11. | ഗുജറാത്ത് | 290 | 86 |
| 12. | ഹരിയാന | 199 | 143 |
| 13. | ഹിമാചൽ പ്രദേശ് | 142 | 80 |
| 14. | ജമ്മു & കാശ്മീർ | 413 | 27 |
| 15. | ജാർഖണ്ഡ് | 27,071 | 9,957 |
| 16. | കർണ്ണാടക | 7,791 | 5,622 |
| 17. | ലക്ഷദ്വീപ് | 7 | 3 |
| 18. | മധ്യപ്രദേശ് | 4,571 | 1,499 |
| 19. | മഹാരാഷ്ട്ര | 1,124 | 332 |
| 20. | മണിപ്പൂർ | 558 | 56 |
| 21. | മേഘാലയ | 525 | 113 |
| 22. | മിസോറാം | 85 | 11 |
| 23. | നാഗാലാന്റ് | 652 | 1,240 |
| 24. | ഒഡീഷ | 56,245 | 24,588 |
| 25. | പുതുച്ചേരി | 79 | 10 |
| 26. | പഞ്ചാബ് | 319 | 153 |
| 27. | രാജസ്ഥാൻ | 2,846 | 1,109 |

| | | | |
|---|---|---|---|
| 28. | സിക്കിം | 106 | 20 |
| 29. | തമിഴ്നാട് | 36,122 | 5,441 |
| 30. | തെലുങ്കാന | 215 | 35 |
| 31. | ത്രിപുര | 1,156 | 782 |
| 32. | ഉത്തർപ്രദേശ് | 19,413 | 6,239 |
| 33. | ഉത്തരാഖണ്ഡ് | 1,125 | 522 |
| 34. | പശ്ചിമ ബംഗാൾ | 2,10,983 | 57,143 |
| | **ആകെ** | **516320** | **1,64,761** |

സെക്ഷൻ ഓഫീസർ.